# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

06.07.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5636

## പിന്നോക്കസമുദായക്ഷേമ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| പിന്നോക്ക സമുദായക്ഷേമവകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ? | കേരളത്തിലെ പിന്നാക്ക സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആയ ഉന്നമനത്തിനും ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ പരമാവധി കേന്ദ്രസഹായം ലഭ്യമാക്കി ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് ഈ വകുപ്പിന്റെ പ്രധാന ലക്ഷ്യം. കൂടാതെ പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തി വരുന്നു. പിന്നാക്ക സമുദായ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ; ഉന്നത വിദ്യാഭ്യാസ മേഖലയിലും മത്സര പരീക്ഷാ രംഗത്തും പിന്നാക്ക സമുദായങ്ങളുടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനും, സാമൂഹ്യപുരോഗതി ലക്ഷ്യമാക്കി ഭവന നിർമ്മാണത്തിനും ഭൂരഹിതരുടെ പുനരധിവാസത്തിനുമുള്ള പദ്ധതികൾ കാലക്രമത്തിൽ ഏറ്റെടുക്കുന്നതിനും, പിന്നാക്ക വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനവും, തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും, തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സഹായങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ